**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2110** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഫോറൻസിക് ലാബുകളും പെൻഡിങ്ങ് റിപ്പോർട്ടുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫോറൻസിക് ലാബുകളിൽ നിലവിൽ പെൻഡിങ്ങായിട്ടുള്ള ശാസ്ത്രീയപരിശോധന റിപ്പോർട്ടുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉടനീളമുള്ള ഫോറൻസിക് ലാബുകളിൽ പരിശോധനയ്ക്കായി 37,079 കേസുകളാണുള്ളത്. |
| (ബി) | ഫോറൻസിക്ക് റിപ്പോർട്ടുകൾ ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | 12.01.2024 തീയതിയിലെ GO(MS) No.16/ 2024/Home നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 28 സയന്റിഫിക് ഓഫീസർ തസ്തികകളും, 01.01.2026 തീയതിയിലെ GO(MS) No. 03/2026/Home നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 12 സയന്റിഫിക് ഓഫീസർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ഫോറൻസിക് ലബോറട്ടറികൾ ആരംഭിച്ച് 2023 മുതൽ പരിശോധനകൾ നടത്തിവരുന്നു. NDPS ആക്ട് കേസുകളുടെ പരിശോധന വേഗത്തിലാക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ റേഞ്ചിലെ മുഴുവൻ NDPS ആക്ട് കേസുകളും 2024-വർഷം തിരുവനന്തപുരം FSL-ലേയ്ക്ക് സ്വീകരിച്ച് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. തൃശ്ശൂർ റേഞ്ചിലെ NDPS ആക്ട് കേസുകൾ 2026 ജനുവരി മുതൽ ഒരു വർഷത്തേയ്ക്ക് തിരുവനന്തപുരം FSL-ൽ സ്വീകരിച്ച് പരിശോധിക്കുന്നതിന് അനുമതി ഉത്തരവ് സർക്കാർ നൽകിയിട്ടുണ്ട്.<br><br>ആലപ്പുഴ, മലപ്പുറം ജില്ലാ ലാബുകൾ സിന്തറ്റിക് ഡ്രഗ്സിന്റെ പരിശോധന യ്ക്കായി സജ്ജമാക്കിയിട്ടുണ്ട്. ജില്ലാ ഫോറൻസിക് ലാബുകളിൽ പരിശോധന യ്ക്ക് വരുന്ന മൊബൈൽ ഫോണുകളുടെ പരിശോധന നടത്തുന്നതിന് സയന്റിഫിക് ഓഫീസർ (ഡോക്യുമെന്റ്സ്) കൂടാതെ സയന്റിഫിക് ഓഫീസർ (ഫിസിക്സ്) മാരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട് |
| (സി) | ഫോറൻസിക് റിപ്പോർട്ടുകളുടെ കാലതാമസം കോടതികളിലെ കേസുകളുടെ വിചാരണ | (സി) | നിലവിലെ അംഗബലം ഉപയോഗിച്ച് പരമാവധി കേസുകൾ പരിശോധിച്ച് റിപ്പോർട്ടുകൾ |

| | | | |
|---|---|---|---|
| | വൈകുന്നതിന് കാരണമാകുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ? | | കോടതികൾക്ക് സമർപ്പി ക്കുന്നുണ്ട്. എന്നിരുന്നാലും ഓരോ വർഷവും ഫോറൻസിക് പരിശോധനയ്ക്കായി എത്തുന്ന കേസുകളുടെ എണ്ണം അധികരിക്കപ്പെടുന്നതിനാൽ ഫോറൻസിക് പരിശോധനകളും വൈകുന്നുണ്ട്. കോടതികളിലെ കേസുകളുടെ വിചാരണകളിൽ കാലതാമസം ഉണ്ടാകാതെ റിപ്പോർട്ടുകൾ കോടതികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ